4. നിർദ്ദിഷ്ട കേന്ദ്ര നിയമത്തിൽ മത്സ്യത്തൊഴിലാളികളെയോ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെയൊ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാകുന്ന വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ടെറിട്ടോറിയൽ മേഖലയിൽ മാത്രമേ മത്സ്യബന്ധനം നടത്താൻ അനുവാദമുള്ളൂ. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട നിയമം പ്രാബല്യത്തിൽ വന്നാൽ ആഴക്കടൽ മത്സ്യബന്ധനത്തിന് പെർമിറ്റ് ഇല്ലാത്ത യാനങ്ങൾ ടെറിട്ടോറിയൽ മേഖലയ്ക്ക് അപ്പുറം കടന്നാൽ പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്.

മത്സ്യഫെഡുവഴി വിതരണം ചെയ്ത കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ സഹായത്തോടെയുള്ള ധനസഹായങ്ങൾ

190 (4814) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യഫെഡുവഴി വിതരണം ചെയ്ത കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ സഹായത്തോടെയുള്ള ധനസഹായങ്ങൾ ലഭിച്ചവരും ഇപ്പോൾ കടാശ്വാസത്തിന്റെ പരിധിയിൽപ്പെട്ടവരുമായ എത്ര പേർ കോഴിക്കോട് ജില്ലയിൽ ഉണ്ടെന്നും അവരുടെ മണ്ഡലംതിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ ?

ഉത്തരം

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ മത്സ്യഫെഡ് വഴി നടപ്പിലാക്കിയ സംയോജിത മത്സ്യ വികസന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവരും ഇപ്പോൾ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ പരിധിയിൽപ്പെട്ടവരുമായ 3553 പേർ കോഴിക്കോട് ജില്ലയിലുണ്ട്. അവരുടെ മണ്ഡലം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിയോജക മണ്ഡലം	ഗുണഭോക്താക്കളുടെ എണ്ണം
1	ബേപ്പൂർ	313
2	കോഴിക്കോട്	38
3	കോഴിക്കോട്	730
4	ബാലുശ്ശേരി	306
5	കൊയിലാണ്ടി	1371
6	വടകര	795
	ആകെ	3553

LIBRARY ARCHIVES Kerala Legislative Assembly